**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3454** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷൻ നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 03-12-2022 തീയതിയിലെ സ.ഉ.(പി) നം.296/2022/ആർഡി ഉത്തരവ് പ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർക്ക് 31-08-2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർക്ക് 31-03-2016 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. 19-09-2023ലെ സ.ഉ.(സാധാ)നം.917/2023/അഗ്രി സർക്കാർ ഉത്തരവ് പ്രകാരം കടാശ്വാസത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന തീയതി 2023 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ 244 സിറ്റിംഗുകൾ നടത്തി 79215 അപേക്ഷകൾ തീർപ്പാക്കി. ഇതു വരെ 366.88 കോടി രൂപയുടെ അവാർഡ് കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലാണ് ഇനി അപേക്ഷ തീർപ്പ് കല്പിക്കാൻ ബാക്കി ഉള്ളത്. അതിനായി പ്രത്യേകം സിറ്റിംഗുകൾ കമ്മീഷൻ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ